# പാകിസ്ഥാൻ വിദേശകാര്യ മന്ത്രാലയം നടത്തിയ പരാമർശങ്ങൾ സംബന്ധിച്ച് മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ജനുവരി 25, 2024

**പാകിസ്ഥാൻ വിദേശകാര്യ മന്ത്രാലയം നടത്തിയ പരാമർശങ്ങൾ സംബന്ധിച്ച് മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള പ്രതികരണമായി ഔദ്യോഗിക വക്താവ് ശ്രീ. രൺധീർ ജയ്‌സ്വാൾ പറഞ്ഞത്:**

"പാകിസ്ഥാൻ വിദേശകാര്യ സെക്രട്ടറിയുടെ ചില പരാമർശങ്ങൾ സംബന്ധിച്ച മാധ്യമ റിപ്പോർട്ടുകൾ നമ്മൾ കണ്ടു.

തെറ്റായതും വിദ്വേഷകരവുമായ ഇന്ത്യാ വിരുദ്ധ പ്രചാരണങ്ങൾ തുടരുന്ന പാകിസ്ഥാന്റെ ഏറ്റവും പുതിയ ഉദ്യമമാണിത്.

ലോകത്തുള്ള ആർക്കും അറിയാവുന്നതു പോലെ, ദീർഘകാലമായി ഭീകരതയുടെയും സംഘടിത കുറ്റകൃത്യങ്ങളുടെയും നിയമവിരുദ്ധ ഇടപാടുകളുടെയും പ്രഭവകേന്ദ്രമാണ് പാകിസ്ഥാൻ. ഭീകരതയുടെയും അക്രമത്തിന്റെയും സംസ്കാരം പാകിസ്ഥാനെ നാശത്തിലേക്ക് നയിക്കുമെന്ന് ഇന്ത്യയും മറ്റ് പല രാജ്യങ്ങളും പരസ്യമായി മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്.

വിതച്ചത് കൊയ്യുകയാണ് പാകിസ്ഥാൻ.

സ്വയം വരുത്തിയ തെറ്റുകൾക്ക് മറ്റുള്ളവരെ പഴിചാരുന്നത് ഒരു ന്യായീകരണമോ പരിഹാരമോ അല്ല."

**ന്യൂഡൽഹി**
**ജനുവരി 25, 2024**